നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. റ്റി. എൻ. പ്രതാപൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകളും ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ നൽകിയ നോട്ടീസും പരിഗണനയിലാണ്. ഇതിന്റെ വിശദ വിവരങ്ങളടങ്ങിയ രേഖകൾ ലൈബ്രറിയിൽ ഉണ്ട്.

XII പ്രമേയം

സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, തല്ലാലം സഭ മുമ്പാകെ വയ്ക്കുവാൻ ഗവൺമെന്റ് ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : പ്രമേയം സഭ അംഗീകരിച്ചു.

XIII അവലോകനം

മി. സ്പീക്കർ : 13-ാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനമാണ് ഇന്ന് ഇവിടെ അവസാനിക്കുന്നത്. ജൂൺ 8-ന് ആരംഭിച്ച് തുടർന്ന് ജൂൺ 9 മുതൽ 28 വരെ നിർത്തിവച്ച സഭാസമ്മേളനം പുനരാരംഭിച്ചത് ജൂൺ 29-ന് ആണ്. ഇതുവരെയായി 21 ദിവസം സഭാസമ്മേളനം നടന്നു. 2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന ചർച്ചകൾക്കാണ് ഈ സമ്മേളനത്തിലെ പതിമൂന്ന് ദിവസങ്ങൾ ചെലവഴിച്ചത്. എല്ലാ അംഗങ്ങളും ചർച്ചകളിൽ സജീവമായി പങ്കെടുക്കുകയും ധാരാളം നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. ഈ സമ്മേളന കാലത്ത് ലഭിച്ച 11,761 നോട്ടീസുകൾ ചോദ്യമായി അംഗീകരിച്ചു. ഇവയിൽ 660 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 5953 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി. 6613 ചോദ്യങ്ങൾ അച്ചടിക്കുകയുണ്ടായി. സഭാതലത്തിൽ 54 ചോദ്യങ്ങൾക്കും രണ്ട് അടിയന്തര ചോദ്യങ്ങൾക്കും വാക്കാൽ മറുപടി നൽകി. 532 ഉപചോദ്യങ്ങളും സഭയിൽ ഉന്നയിച്ചു. നിയമസഭാ ചോദ്യോത്തര പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ചത് ഈ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചു. സാമാജികർ പലരും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യങ്ങൾ ഓൺലൈനായിത്തന്നെ നൽകുന്നുണ്ട്. കടലാസുരഹിത നിയമസഭയെന്ന നമ്മുടെ ലക്ഷ്യം എത്രയുംവേഗം പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് കരുതുന്നു. സാമാജികർക്ക് അടുത്ത സമ്മേളനത്തിലേക്കുള്ള ചോദ്യങ്ങൾക്കുള്ള നോട്ടീസുകൾ നോട്ടീസ് ബാങ്കിൽ ഇപ്പോൾത്തന്നെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ചോദ്യോത്തരങ്ങൾ യഥാസമയം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. 17 അടിയന്തരപ്രമേയ നോട്ടീസുകൾ അവതരണാനുമതി തേടുകയുണ്ടായി. ഒരു അടിയന്തരപ്രമേയം സബ്മിഷനായി അവതരിപ്പിച്ചു. 34 ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളും 245 സബ്മിഷനുകളും അവതരിപ്പിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ ഇവയ്ക്ക് മറുപടി പറയുകയും ചെയ്തു. സഭയിൽ അവതരിപ്പിക്കാൻ കഴിയാതെവന്ന 62 സബ്മിഷനുകൾ ബന്ധപ്പെട്ട മന്ത്രിമാർക്ക് നൽകുകയും മറുപടി നേരിട്ട് നൽകുകയും ചെയ്തിട്ടുണ്ട്. മറുപടി കിട്ടാത്തവർക്ക് എത്തിക്കാൻ പറയാം. ചട്ടം 300 അനുസരിച്ചുള്ള 4 സ്റ്റേറ്റുമെന്റുകളും 130 റിപ്പോർട്ടുകളും സഭയിൽ സമർപ്പിച്ചു. ആകെ 8 ബില്ലുകൾ സഭ പരിഗണിച്ചു പാസ്സാക്കി. 2 ഓർഡിനൻസുകൾക്ക് പകരമുള്ള 2 ബില്ലുകളും ഓർഡിനൻസല്ലാത്ത 2 ബില്ലുകളും 4 ധനകാര്യ ബില്ലുകളും ഇതിൽപ്പെടുന്നു. എ. പി. ജെ. അബ്ദുൾ കലാം കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ബിൽ പ്രത്യേക ശ്രദ്ധനേടി. നിയമനിർമ്മാണ കാര്യങ്ങളിൽ ആരോഗ്യപരമായ ചർച്ചകളും എല്ലാ ഭാഗങ്ങളിൽനിന്നുമുള്ള ഇടപെടലുകളും ഉണ്ടായി എന്നുകാണുന്നത് സന്തോഷപ്രദമായ കാര്യമാണ്. ഈ സമ്മേളനം ഭംഗിയായി നടത്താൻ സർവ്വാത്മനാ സഹായിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട കക്ഷിനേതാക്കൾ, ബഹുമാനപ്പെട്ട സാമാജികർ, ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ തുടങ്ങി എല്ലാപേർക്കും ചെയർ പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു. സമ്മേളനം വിജയകരമാക്കാൻ രാത്രിയുംപകലും ഒരുപോലെ പ്രവർത്തിച്ച നിയമസഭാ സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥർ, നിയമസഭാ പ്രസ്സ് ജീവനക്കാർ തുടങ്ങിയ എല്ലാവരോടും പ്രത്യേകം നന്ദി പ്രകടിപ്പിക്കുന്നു. എല്ലാവർക്കും ഹൃദ്യമായ ഓണാശംസകൾ നേരുന്നു.

<u>മി.സ്പീക്കർ</u> : ഓർഡർ .....ഓർഡർ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(സഭ വൈകുന്നേരം 6.20-ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു).